(ഡി) ഈ ബണ്ടിന്റെ നിർമ്മാണ പ്രവർത്തനം റവന്യൂ അധികാരികൾ നിർത്തിവെച്ചുവോ;

(ഇ) എങ്കിൽ എത്രദിവസത്തെ പണിയാണ് ഇതു നിമിത്തം നടക്കാതെപോയത്;

(എഫ്) നിർത്തിവെച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) കൂടുതൽ പ്രാവശ്യം കൃഷിചെയ്യുവാൻ സാധിക്കുന്ന ബണ്ട് നിർമ്മിക്കുന്നതിന് ലാന്റ് യൂട്ടിലൈസേഷൻ റൂൾസ് അനുസരിച്ചുള്ള അനുമതി വാങ്ങേണ്ടതുണ്ടോ?

ഉത്തരം

(എ) ആരംഭിച്ചു.

(ബി) 12,43,559/- രൂപയ്ക്ക്

(സി) 31.3.2000 ത്തിൽ

(ഡി) നിർത്തിവയ്ക്കാൻ വാക്കാൽ നിർദ്ദേശം നൽകിയിരുന്നു.

(ഇ) 3 ദിവസത്തെ പണി.

(എഫ്) കോട്ടയം തഹസിൽദാരുടെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് പണി നിർത്തിവച്ചത്.

(ജി) ജലസേചനം നടത്തുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ള ബണ്ടു നിർമ്മാണങ്ങൾക്ക് അനുമതി വാങ്ങേണ്ടതില്ല.

(1862) മണിയാർ അണക്കെട്ട്

ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഐ.പി മണിയാർ അണക്കെട്ട് കാർബോറാണ്ടം കമ്പനിക്ക് വിട്ടുകൊടുക്കുവാൻ രൂപം നൽകിയ കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അണക്കെട്ടിൽ നിന്നും വരൾച്ചക്കാലത്ത് വൈദ്യുതി ഉൽപ്പാദനത്തിന് ജലം ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഗ്യാലൻ ജലമാണ് വേനൽകാലത്ത് പത്തനംതിട്ട ജില്ലയിലെ പാടശേഖരങ്ങൾക്ക് നൽകേണ്ടത്;

(ഡി) 1998-99-ൽ ഗ്യാലൻ ജലമാണ് വേനൽകാലത്ത് കൃഷിക്കാർക്ക് നൽകിയത്;

(ഇ) മണിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച ഡാം സേഫ്റ്റി കമ്മിഷൻ നടത്തിയിരിക്കുന്ന പഠനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഡാം തകർന്നാൽ മുങ്ങിപ്പോകുന്ന പ്രദേശങ്ങൾ ഏതൊക്കെ?

ഉത്തരം

(എ) പി.ഐ.പി വക മണിയാർ ബാരേജ് കാർബോറാണ്ടം കമ്പനിക്ക് വിട്ടുകൊടുത്തിട്ടില്ല. എന്നാൽ ജലസേചന ആവശ്യത്തിനുവേണ്ട ജല

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ബാക്കി കാർബോറാണ്ടം കമ്പനിക്ക് ഉപയോഗിക്കുവാൻ തക്കവണ്ണം ഒരു കരാർ വൈദ്യുതി ബോർഡ് സെക്രട്ടറിയും കാർബോറാണ്ടം കമ്പനി മാനേജിംഗ് ഡയറക്ടറും 18.05.91-ൽ ഒപ്പിട്ടിട്ടുണ്ട്. പ്രസ്തുത കരാറിൽ ജലസേചനവകുപ്പ് ഒരു കക്ഷിയല്ല.

(ബി) ഉണ്ട്.

(സി) പത്തനംതിട്ട ജില്ലയിൽ 3600 ഹെക്ടർ പ്രദേശമാണ് പി.ഐ.പി. യുടെ ആയക്കെട്ടിൽ ഉള്ളത്. ഇതിൽ ഏകദേശം 1100 ഹെക്ടർ സ്ഥലത്ത് ഭാഗികമായോ, പൂർണ്ണമായോ വെള്ളക്കെട്ട് ഉണ്ട്. ബാക്കിയുള്ള 2500 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയിരുന്നു. ഏകദേശം 1700 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തിയിട്ടുണ്ട്. കൃത്യമായി എത്ര ഗ്യാലൻ ജലമാണ് നൽകിയതെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) 24.02.99 മുതൽ വേനൽ തീരുന്നതുവരെ 5 മുതൽ 16 ക്യൂബിക് ജലം തുറന്നുവിട്ടിട്ടുണ്ട്.

(ഇ) ഡാം സേഫ്റ്റി കമ്മിഷൻ നടത്തിയ പഠനത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

അഞ്ച് സ്പിൽവേ ഷട്ടറുകൾ ഉള്ളതിൽ മൂന്നെണ്ണം ഒരു വിധത്തിലും പ്രവർത്തിക്കുന്നതല്ല. രണ്ട് റിവർ സ്ലൂയിഷ് ഷട്ടറുകൾ വളരെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. റിവർ സ്ലൂയിഷിന്റെ ലീക്ക് മണൽചാക്ക് അടുക്കി തടഞ്ഞിട്ടുണ്ട് സ്പിൽവേ ഷട്ടറുകളിൽകൂടി കാര്യമായ ലീക്ക് ഇപ്പോൾ ഇല്ല. ബാക്കിഭാഗം ഏതാണ്ട് പൂർണ്ണമായി തകർന്നിരിക്കുകയാണ്. നടുക്കുള്ള രണ്ട് സ്പിൽവേ ഭാഗങ്ങളിലെ പുറംകല്ലുകളും അകഭാഗവും വളരെയധികം തകരാറായിട്ടുണ്ട്. വിഭജനഭിത്തികളും ഏപ്രണുകളും പൂർണ്ണമായി തകർന്നിരിക്കുന്നു. ഇടതുവശത്ത് ബാരേജിന് താഴെ തൂണ്, റീട്ടെയിനിംഗ് വാൾ എന്നിവയുടെ ഭാഗത്ത് വളരെയധികം ചോർച്ച കാണുന്നുണ്ട്.

സ്പിൽവേ ഷട്ടറുകളുടെ അറ്റകുറ്റ പണികൾക്കുള്ള നടപടികൾ ആയിട്ടുണ്ട് എന്ന് മെക്കാനിക്കൽ ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. റിവർ സ്ലൂയിഷ് പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ എന്താക്കെയാണെന്ന് നിശ്ചയിക്കുന്നതിന് ബാരേജ് വറ്റിച്ച് പഠനം നടത്തേണ്ടതുണ്ട്. അതിന് ഒരാഴ്ച സമയം ആവശ്യമാണ്. ഇപ്രകാരം ചെയ്യുവാൻ മൂഴിയാറിലെ വൈദ്യുതി ഉൽപ്പാദനവും നിർത്തിവയ്ക്കേണ്ടതാണ്. പണികൾ നടത്തുന്നതിനും ഈ കാര്യങ്ങൾ ആവർത്തിക്കേണ്ടതാണ്. ബാരേജ് വറ്റിക്കാതെ പ്രശ്ന പരിഹാരമുണ്ടാക്കുന്നതിനുള്ള സാധ്യത സെൻട്രൽ വാട്ടർ കമ്മിഷനോട് ആരായുവാൻ കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള കേടുപാടുകൾ ഉടൻ തീർക്കേണ്ടതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. പ്രോജക്ടിന്റെ ജലവിതരണപരിപാലനത്തിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ ഉയരത്തിൽ ബാരേജിൽ ജലനിരപ്പ് ഉയർത്തുവാൻ പാടില്ല എന്നും കമ്മിറ്റി നിർദേശിച്ചിട്ടുണ്ട്.

(എഫ്) ബാരേജിന് തകർച്ച സംഭവിച്ചാൽ പമ്പാനദിക്ക് ഇത് വഹിക്കുവാനുള്ള ശേഷിയുള്ളതിനാൽ ഭൂപ്രദേശങ്ങൾ ഒന്നുംതന്നെ വെള്ളത്തിനടിയിലാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly